**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1612** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം മൃഗശാല</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം നഗരത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന മൃഗശാല നിലവിലുള്ള സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിന് സർക്കാർ ഔദ്യോഗികമായി തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ സാമൂഹിക, സാമ്പത്തിക, പൈതൃക, നഗരാസൂത്രണ, പൊതുധനപരമായ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിലാണോ മൃഗശാല മാറ്റുന്നതുമായി ബന്ധപ്പെട്ട തീരുമാനം കൈക്കൊള്ളുന്നത്; വിശദമാക്കുമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മൃഗശാല മാറ്റി സ്ഥാപിക്കുന്ന വിഷയത്തിൽ വകുപ്പു തലത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ബി)** തിരുവനന്തപുരം മൃഗശാല നിലവിൽ സ്ഥിതിചെയ്യുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണെന്നും പ്രസ്തുത ഭൂമിയിൽ മൃഗശാലയ്ക്ക് പുറമെ പ്രവർത്തിച്ചുവരുന്ന അനുബന്ധ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നും വിനിയോഗിക്കുന്ന ഭൂവിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂവിനിയോഗത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മൃഗശാല നിലവിൽ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണം 36 ഏക്കർ ആണ്. പ്രസ്തുത ഭൂമിയിൽ മൃഗശാലയ്ക്ക് പുറമെ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെ 60 ഏക്കറാണ് മൊത്തം ഭൂവിസ്തീർണ്ണം. സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രാജാരവി വർമ്മ ആർട്ട് ഗ്യാലറി - 11823 ചതുരശ്ര അടി
2. നേപ്പിയർ മ്യൂസിയം - 8686.47 ചതുരശ്ര അടി
3. നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം - 30000 ചതുരശ്ര അടി
4. അക്വേറിയം - 3000 ചതുരശ്ര അടി
5. ശ്രീ ചിത്രാ എൻക്ലേവ് - 2747 ചതുരശ്ര അടി
6. ബൊട്ടാണിക്കൽ ഗാർഡൻ കാര്യാലയം - 1400 ചതുരശ്ര അടി
7. ബൊട്ടാണിക്കൽ ഗാർഡൻ സ്റ്റാഫ് ബ്ലോക്ക് - 5400 ചതുരശ്ര അടി

**(സി)** തിരുവനന്തപുരം മൃഗശാലയ്ക്ക് കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച നിലവിലെ മാസ്റ്റർ പ്ലാൻ നിലവിലുണ്ടോ; പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ കാലാവധി എന്നുവരെയാണ്; അതനുസരിച്ച് മൃഗശാലയുടെ വികസനത്തിനും തുടർപ്രവർത്തനങ്ങൾക്കും എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത്; മൃഗശാല മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം പ്രസ്തുത മാസ്റ്റർ പ്ലാനിന് അനുസൃതമാണോ; അല്ലെങ്കിൽ മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ; ഇതുസംബന്ധിച്ച് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അനുമതിയോ അഭിപ്രായമോ സർക്കാർ തേടിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** തിരുവനന്തപുരം മൃഗശാലയ്ക്ക് കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച 2014-15 മുതൽ 2034-35 വരെ കാലാവധിയുള്ള മാസ്റ്റർ പ്ലാൻ നിലവിൽ ഉണ്ട്. അതനുസരിച്ച് ആണ് നിലവിൽ മൃഗശാലയുടെ വികസനങ്ങളും തുടർ പ്രവർത്തനങ്ങളും നടത്തി വരുന്നത്. തിരുവനന്തപുരം മൃഗശാല മാറ്റി സ്ഥാപിക്കുന്ന വിഷയത്തിൽ വകുപ്പ് തലത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ഡി)** തിരുവനന്തപുരം മൃഗശാല നെയ്യാർ മേഖലയിലേക്ക് മാറ്റുന്നതിന് സർക്കാർ ഏതെങ്കിലും നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ മൃഗശാല സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം നെയ്യാർ വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ വരുന്നതാണോ; വന്യജീവി സങ്കേതങ്ങളിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടെ നിലവിലുള്ള ഉത്തരവുകളോ നിയമപരമായ നിയന്ത്രണങ്ങളോ ബാധകമാണോ; പ്രസ്തുത സാഹചര്യത്തിൽ നെയ്യാർ മേഖലയിൽ മൃഗശാല സ്ഥാപിക്കുന്നതിന് നിയമപരമായി സാധ്യമാണോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** തിരുവനന്തപുരം മൃഗശാല മാറ്റി സ്ഥാപിക്കുന്ന വിഷയത്തിൽ വകുപ്പ് തലത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**